•

# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 397 **18.10.2011** ലെ മറുപടിയ്ക്ക്

ഗ്രീൻ ബിൽഡിംഗ് പദ്ധതി

**ചോദ്യം**

ശ്രീ. എൻ. എ. **നെല്ലിക്കുന്ന്**
ശ്രീ. പി. **ഉബൈദുള്ള**
ശ്രീ. **മഞ്ഞളാംകുഴി അലി**
ശ്രീ. സി. **മമ്മൂട്ടി**

**ഉത്തരം**

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പ് മന്ത്രി)**

| **ചോദ്യം** | **ഉത്തരം** |
|---|---|
| എ) ഗ്രീൻ ബിൽഡിംഗ് പദ്ധതി വിശദമാക്കാമോ ; | എ) കേരളത്തിൽ തനതായി, അതാത് സ്ഥലങ്ങളിൽ ലഭിക്കുന്ന നിർമ്മാണസാമഗ്രികൾ ഉപയോഗിക്കുക, വെള്ളത്തിന്റെ ഉപഭോഗം ഏറ്റവും ഫലപ്രദമായ രീതിയിൽ പരിമിതപ്പെടുത്തുക, താമസക്കാർക്ക് ആരോഗ്യപ്രധാനമായ ഒരന്തരീക്ഷം സൃഷ്ടിക്കുക, മാലിന്യോൽപ്പാദനം പരിമിതപ്പെടുത്തുകയും അത് പരിപാലിക്കുകയും ചെയ്യുക തുടങ്ങിയ രീതികൾ അവലംബിച്ച്, പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ വാസ്തുശില്പപരമായി നിർമ്മിക്കുന്ന കെട്ടിടങ്ങളെയാണ് ഗ്രീൻ ബിൽഡിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പദ്ധതി പ്രദേശത്തിന്റെ ഭൂപ്രകൃതി തനതായ രീതിയിൽ സംരക്ഷിക്കുകയും വൃക്ഷങ്ങൾ ആവശ്യത്തിനു മാത്രം മുറിക്കുകയും മണ്ണ്, നീരുറവകൾ, മുതലായവ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. മഴവെള്ള സംഭരണം അതാത് സ്ഥലങ്ങളിൽത്തന്നെ നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള വിധത്തിൽ കെട്ടിടത്തിനകത്ത് വായുസഞ്ചാരവും പ്രകൃത്യായുള്ള പ്രകാശവും ധാരാളമായി കിട്ടത്തക്കവിധത്തിൽ രൂപകല്പന ചെയ്യുകയും വിദ്യുച്ഛക്തി ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുന്ന LED ബൾബുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കുകയും ചെയ്യുന്നു. മാലിന്യ സംസ്കരണവും മഴവെള്ള സംഭരണിയും ഫലപ്രദമായ |

രീതിയിൽ ഉപയോഗിക്കപ്പെടുന്നു.

മറ്റ് കെട്ടിടങ്ങളെ അപേക്ഷിച്ച് ഗ്രീൻ ബിൽഡിംഗ് പട്ടികയിലുള്ള കെട്ടിടങ്ങൾക്ക് താഴെ കൊടുത്തിട്ടുള്ള പ്രയോജനങ്ങളുണ്ട്.

1. ഊർജ്ജ സംരക്ഷണം 20% മുതൽ 30% വരെ.
2. വെള്ളത്തിന്റെ ഉപഭോഗത്തിലുള്ള കുറവ് - 30% മുതൽ 50% വരെ
3. കെട്ടിടങ്ങളുടെ ഫലപ്രദമായ ഉപഭോഗം വർദ്ധിപ്പിക്കുന്നു.
4. കൂടുതൽ വായുസഞ്ചാരവും സൂര്യപ്രകാശവും അതുവഴി ഉപഭോക്താക്കൾക്ക് ആരോഗ്യവും ലഭിക്കുന്നു.

| | | |
|---|---|---|
| ഇത് സംബന്ധിച്ച കരടു നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | ബി) | ഇല്ല. സർക്കാർ കെട്ടിടങ്ങളുടെ നിർമ്മിതിയിൽ ഗ്രീൻ ബിൽഡിംഗ് സമ്പ്രദായം സ്വീകരിക്കുന്നത് സംബന്ധിച്ച കരടുനയം പ്രഖ്യാപിക്കുന്നതിനുള്ള സർക്കാർതല നടപടികൾ പുരോഗമിച്ചു വരുന്നു. |
| പദ്ധതി വ്യാപകമാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | സി) | സ്വീകരിക്കുന്നതാണ്. കൊച്ചിയിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിന് വേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടം ഗ്രീൻ ബിൽഡിംഗ് സമ്പ്രദായം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ